**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

**DHS/28372/2025-EA4** തീയതി. 11-12-2025

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ആരോഗ്യവകുപ്പ്-ഡോ റിച്ചു ജോസഫ്, അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: 1. A1- 2938/2023/ജിമെആ പാലക്കാട് തീയതി 15.12.2023

2 ഡോ റിച്ചു ജോസഫ് സമർപ്പിച്ച അപേക്ഷ തീയതി 12.01.2025

3. ഉത്തരവ് നം ഇഎ2-3960/2025/ഡിഎച്ച്എസ് തീയതി 17.02.2025

4. DMOH-IDK/3803/2025-A1 തീയതി. 30.08.2025

ഡോ റിച്ചു ജോസഫ് (Dr Richu Joseph, PEN 961763) എന്ന താങ്കൾ പാലക്കാട് കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സോവനത്തിലിരിക്കവെ 05.01.2024 മുതൽ 5.01.2025 വരെ ഫെലോഷിപ്പിനായി നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കി. ഫെലോഷിപ്പ് കാലയളവിനുശേഷം തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് പരാമാർശം (2) പ്രകാരം താങ്കൾ അപേക്ഷ സമർപ്പിച്ചതിനാൽ പരാമർശം (3) പ്രകാരം ഇടുക്കി ഉപ്പുതറ സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ താങ്കൾ ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിരിക്കുന്നു. 21.02.2025 ന് മുൻപ് തിരികെ സേവനത്തിൽ പ്രവേശിക്കണമെന്ന് പരാമർശം (3) ലെ ഉത്തരവിൽ താങ്കൾക്ക് നിർദ്ദേശം നൽകിയിരുന്നു. ടി സാഹചര്യത്തിൽ 21.02.2025 മുതൽ താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണ്. 14.08.2023

തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 11-12-2025 16:59:44

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Richu Joseph,**

**Chirayil, Ezhupunna P O, Cherthala**

**Alappuzha- 688537**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
   തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
   പാലക്കാട് / ഇടുക്കി.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

സാമൂഹികാരോഗ്യകേന്ദ്രം കുഴൽമന്ദം, പാലക്കാട്

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4.മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

സാമൂഹികാരോഗ്യകേന്ദ്രം ഉപ്പുതറ ഇടുക്കി

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ